# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയം :-എസ്. എസ്. യു.പി.എസ്
താഴെക്കാട്
ഉപജില്ല:- മാള
വിദ്യാഭ്യാസ ജില്ല:- ഇരിങ്ങാലക്കുട
റവന്യൂ ജില്ല : -തൃശ്ശൂർ

ഇമെയിൽ :- ssups thazhekad @yahoo.com
ഫോൺ നമ്പർ:-0480 2883180

# ഉള്ളടക്കം

1.കവർ പേജ്
2. ഉള്ളടക്കം
3.ആമുഖം
4.ആശയം
5. ലക്ഷ്യങ്ങൾ
6. ഭൗതികം-സാമൂഹികം
നേട്ടങ്ങൾ- പരിമിതികൾ
7. അക്കാദമിക പ്രവർത്തനങ്ങൾ
8. പദ്ധതി വിശകലനം
9. ഉപസംഹാരം

# ആമുഖം

ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.തൃശ്ശൂർ ജില്ലയിലെ ആളൂർ പഞ്ചായത്തിലെ താഴേക്കാട് ഗ്രാമത്തിലാണ് സെൻറ്.സെബാസ്റ്റ്യൻസ് എൽ.പി.ആൻറ് യു.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത് .ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ജില്ലയിൽ മാള ഉപജില്ലയുടെ കീഴിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത് .കൂടുതൽ വിവരണം മുകുന്ദപുരം താലൂക്കിൽ ഇരിഞ്ഞാലക്കുട റെയിൽവേ സ്റ്റേഷനിൽനിന്നും ഒന്നര കിലോമീറ്റർ അകലത്തായി സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തിനിരുവശവുമായി പ്രസിദ്ധങ്ങളായ താഴേക്കാട് കുരിശുമുത്തപ്പന്റെ ദേവാലയവും മഹാശിവക്ഷേത്രവും സ്ഥിതിചെയ്യുന്നു . രണ്ടു പുണ്യസ്ഥലങ്ങളുടെ നടുവിൽ പ്രശസ്തമായ സെന്റ് സെബാസ്റ്റിൻ യു പി സ്കൂൾ. 1942 -ൽ താഴേക്കാട് പള്ളി വികാരിയായിരുന്ന ബഹു.ഇരുമ്പൻ തോമാച്ചന്റെയും ഇടവകക്കാരുടെയും ശ്രമഫലമായാണ് ഈ വിദ്യാലയം ആരംഭിച്ചത് .ഈ പള്ളി ഒരു ആർക്കി എപ്പിസ്കോപ്പൽ. ക്രൈസ്തവ വിദ്യാഭ്യാസം ലക്ഷ്യം വെച്ചുകൊണ്ട് തുടങ്ങിയതാണെങ്കിലും നാനാജാതി മതസ്ഥർക്കും അതൊരനുഗ്രഹമായിമാറി

സ്കൂൾ സ്ഥാപിതം :26/02/1942
അപ്ഗ്രേഡ് ചെയ്ത വർഷം :1985
മാനേജ്മെന്റ് :പവനാത്മ പ്രൊവിൻസ്
കല്ലേറ്റുംകര
ആകെ വിദ്യാർഥികൾ :188
അധ്യാപകർ /അനദ്ധ്യാപകർ :10+1
ഒന്നാം ക്ലാസ്സ് 4 വരെ -ഓരോ ഡിവിഷൻ
ക്ലാസ്സ് 5: 2 ഡിവിഷൻ
ക്ലാസ്സ് 6 : 1 ഡിവിഷൻ
ക്ലാസ്സ് 7 : 2 ഡിവിഷൻ
മുൻ കാലഘട്ടം നേട്ടങ്ങൾ :2 എൽ. എസ്. എസ് (2024-25)

# ആശയം

# ജനാധിപത്യ  മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ സമഗ്ര ഗുണമേന്മ് വിദ്യാഭ്യാസം നൽകുക.

# പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

# ഒന്ന് മുതൽ ഏഴാം ക്ലാസ് വരെ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും കുട്ടികൾക്ക് നേടേണ്ട ശേഷികൾ ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും, പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുക.

# അധ്യാപനവും, അധ്യായനവും സർഗ്ഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# ലക്ഷ്യങ്ങൾ

\# പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

\# ശുചിത്വം, അനുകമ്പ, പരസ്പര സ്നേഹം, പരസ്പര സഹായം, തുല്യ നീതി തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

\# പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും.

\# ഹരിത ക്യാമ്പസ് എന്ന ആശയം കുട്ടികളിലേക്ക് കൊണ്ടുവരാൻ, പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും, സുസ്ഥിരവികസനത്തിനും അവബോധം സൃഷ്ടിക്കാം

# നേട്ടങ്ങൾ

4 ഹൈടെക് ക്ലാസ് മുറികൾ, കളിസ്ഥലം, സയൻസ്
ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്,ഹൈടെക് പാചകപ്പുര
( ടൈൽ വർക്ക് ഇലക്ട്രിഫിക്കേഷൻ)
എന്നിവ പൂർത്തീകരിച്ചു.

# പരിമിതികൾ

ഓഡിറ്റോറിയം നിലവിലില്ല, ഓപ്പൺ എയർ സ്റ്റേജ്,
ഭോജനശാല, ജൈവ വൈവിധ്യ പാർക്ക് എന്നിവ
നിർമ്മിക്കേണ്ടതുണ്ട്.

# ഭൗതികം

* ചിൽഡ്രൻസ് പാർക്ക്
* സ്പോർട്സ് കിറ്റ്
* മൾട്ടിമീഡിയ റൂം

# സാമൂഹികം

* പിടിഎ ശക്തിപ്പെടുത്തൽ
* ഒ എസ് എ സംഘടനയുടെ കൂട്ടായ പ്രവർത്തനം പ്രവർത്തനം
* ഭവന സന്ദർശനം
* പൂർവ അധ്യാപകർ,സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.

# അക്കാദമിക പ്രവർത്തനങ്ങൾ

#ഭാഷാശേഷി, വായന വികസനം
#ഗണിതശേഷി വികസനം
#ഇംഗ്ലീഷ് പഠന പരിപോഷണം
#ശാസ്ത്ര പോഷണ പരിപാടി
#ലൈബ്രറി ശാക്തീകരണം
#പഠനയാത്രകൾ
#സെമിനാറുകൾ
# കലാ- കായികമേള
#ഐ.ടി പരിശീലനം
#ദിനാചരണം
# പച്ചക്കറി തോട്ടം
#അധ്യാപക ശാക്തീകരണ പരിപാടികൾ
# ഒന്നാം ക്ലാസ് ഒന്നാം തരം
#ശാസ്ത്ര അഭിരുചി വളർത്തൽ
#ക്ലാസ് പി ടി എ സജീവമാക്കൽ

# പദ്ധതി വിശദാംശങ്ങൾ

#ഇംഗ്ലീഷ് അസംബ്ലി - ആഴ്ചയിൽ ഒരു ദിവസം ( ചുമതല-ക്ലാസ് ടീച്ചർ )
#ഹിന്ദി അസംബ്ലി- ആഴ്ചയിൽ ഒരു ദിവസം (ചുമതല- ഹിന്ദി ടീച്ചർ )
# ഇംഗ്ലീഷ് ഭാഷ പഠനവും ( എല്ലാദിവസവും )
# മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം- രണ്ടുമാസത്തിൽ ഒരു പ്രാവശ്യം( വിദ്യാരംഗം കലാസാഹിത്യ വേദി )
# സർഗ്ഗശേഷി വികസനം ( വർഷത്തിലൊരു പ്രാവശ്യം)
# സമഗ്ര വികസനം - ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്നു. ( ആവശ്യാനുസരണം )
# ഗണിത, സയൻസ്, സാമൂഹ്യശാസ്ത്ര ലാബ് പ്രവർത്തനം( മാസത്തിലൊരിക്കൽ എങ്കിലും)
# പഠനയാത്ര ( വർഷത്തിലൊരിക്കൽ )
# പോഷകാഹാര പരിപാടി ( ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമായ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ, പാൽ, മുട്ട വിതരണം.)

# ഉപസംഹാരം

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി എസ് എസ് യു പി എസ് താഴേക്കാട്, വിദ്യാലയത്തിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഒരു ചെറുപതിപ്പാണ് ഇവിടെ നൽകിയിരിക്കുന്നത്. വിദ്യാലയത്തിന്റെ പൈതൃകവും, മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.